# പതിമൂന്നാം കേരള നിയമസഭ

## (പതിനാലാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5669 29/07/2015-ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി**

| ചോദ്യം<br>ശ്രീ. ആർ. രാജേഷ്: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര മണ്ഡലത്തിലെ എത്ര മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ പദ്ധതിയിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടെന്ന് അവരുടെ പേരും മേൽവിലാസവും ഉൾപ്പെടെ വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര നിയോജക- മണ്ഡലത്തിലെ 5 ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി പ്രകാരം ധനസഹായം നൽകിയിട്ടുണ്ട്. ടി മത്സ്യത്തൊഴിലാളികളുടെ പേര് വിവരങ്ങൾ താഴെ കൊടുക്കുന്നു. |

| ക്രമ നം | പേരും, മേൽവിലാസവും |
|---|---|
| 1 | രാജേഷ് വർഗീസ്, പീസ് കോട്ടേജ്, കിടങ്ങയം, നൂറനാട് |
| 2 | ജോയി s/o ലാസർ, മേരിവിലാസം, കിടങ്ങയം, നൂറനാട് |
| 3 | വേണുഗോപാൽ 10-ൽ ചിറ , ആറ്റുവാത്തല ,തെക്കേക്കര |
| 4 | നെപ്പോളിയൻ, ജോൺവിലാസം, നൂറനാട് |
| 5 | ബിജു ജോസഫ്, വലിയപറമ്പിൽ, നൂറനാട് |

| | |
|---|---|
| (ബി) മത്സ്യത്തൊഴിലാളികൾക്കായി ഏതെല്ലാം ഭവന നിർമ്മാണ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;<br><br>(സി) പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) യും (സി) യും ദേശീയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി 2014 - 15, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി 2014-15, ഭവന നിർമ്മാണ പദ്ധതി 2015-16 എന്നീ ഭവനനിർമ്മാണ പദ്ധതികളാണ് മത്സ്യത്തൊഴിലാളികൾക്കായി ഫിഷറീസ് വകുപ്പിൽ നിലവിലുള്ളത്. ടി. പദ്ധതികൾ പ്രകാരം 2,00,000/- രൂപ വീതം ഭവന നിർമ്മാണ ധനസഹായമായി മത്സ്യത്തൊഴിലാളികൾക്ക് നൽകിവരുന്നു.<br><br>ഇവയിൽ സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി( IDFV) 2014-15, ഭവന നിർമ്മാണ പദ്ധതി 2015-16 |

എന്നിവ 100% സംസ്ഥാന പദ്ധതിയും ദേശീയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി 2014-15 (NFWF) 50% കേന്ദ്ര ഗവൺമെന്റ് ധന സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയുമാണ്. NFWF പദ്ധതി പ്രകാരം 75000/- രൂപയാണ് യൂണിറ്റ് കോസ്റ്റായി നിശ്ചയിച്ചിട്ടുള്ളത്. 37500/- രൂപ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതമായ 37500/- രൂപയ്ക്ക് പുറമേ 1.25 ലക്ഷം രൂപയും സംസ്ഥാന സർക്കാർ വഹിയ്ക്കുന്നു. പ്രസ്തുത പദ്ധതികൾ പ്രകാരം ആലപ്പുഴ ജില്ലയിൽ ചുവടെ ചേർക്കും പ്രകാരം യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | IDFV 14 - 15 | 300 |
| 2 | NFWF 14 - 15 | 150 |
| 3 | ഭവന പദ്ധതി 2015-16 | 800 |

സെക്ഷൻ ആഫീസർ